കൊണ്ടുവരാറുണ്ട്. ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളിൽ ബാർകോഡ്, സീക്രട്ട്കോഡ്, കടക്കുറ്റികൾ തുടങ്ങിയ സുരക്ഷാസംവിധാനങ്ങളോടെ അച്ചടിക്കുന്ന സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ ദുരുപയോഗപ്പെടുത്തുന്നില്ല എന്ന് ഉറപ്പുവരുത്തി രജിസ്റ്റേർഡ് ഏജന്റുമാർക്ക് നേരിട്ട് വകുപ്പിന്റെ വിവിധ ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾവഴി വിതരണം നടത്തി വരികയാണ് ചെയ്യുന്നത്.

(ബി) ഉണ്ട്. തത്സംബന്ധമായി പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളും, പത്രവാർത്തകളും അഡീഷണൽ ഡി.ജി.പി. (ഇന്റലിജൻസ്) മേധാവിയായുള്ള സംസ്ഥാനതല ലോട്ടറി മോണിറ്ററിംഗ് സെല്ലിന്റെ ശ്രദ്ധയിൽ കൊണ്ടുവരാറുണ്ട്. അംഗീകൃത ഏജന്റുമാർക്കോ, വിൽപ്പനക്കാർക്കോ ഇതിൽ പങ്കുണ്ടെന്ന് അന്വേഷണത്തിൽ കണ്ടെത്തിയാൽ ലൈസൻസ് റദ്ദാക്കൽ അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

(സി) പരിശോധിച്ചിട്ടുണ്ട്. ബോധപൂർവ്വം, സംഘടിതമായോ അല്ലാതെയോ ലോട്ടറി മേഖല തകർക്കുന്നതിന് അന്യസംസ്ഥാന ലോട്ടറി മാഫിയ ശ്രമിക്കുന്നതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പരിശോധിച്ചിട്ടുണ്ട്.

(ഇ) അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന സാഹചര്യമുണ്ടായാൽ അത് കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ വിറ്റുവരവിൽ ഗണ്യമായ കുറവ് വരുത്തുകയും സംസ്ഥാന ഗവൺമെന്റിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. കൂടാതെ പൊതുജനങ്ങളുടെ ഇടയിൽ അന്യസംസ്ഥാന ലോട്ടറി മുമ്പ് അവ നിലവിലുണ്ടായിരുന്ന സമയത്തെപ്പോലെ ചൂതാട്ടമായി പരിണമിച്ച് പല സാമൂഹിക പ്രശ്നങ്ങൾക്കും കാരണമാകാം. എന്നാൽ അത്തരമൊരു സാഹചര്യം ഇപ്പോൾ നിലവിലില്ല.

**പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കർമ്മ പദ്ധതി**

**17(*196)** ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തനരീതിയും വ്യക്തമാക്കുമോ ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഉൽപ്പാദനത്തിനനുസരിച്ച് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനും എന്തെല്ലാമാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത് ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ&ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനകംതന്നെ ഏകദേശം 718.50 കോടി രൂപ ഇത്തരത്തിൽ വിവിധ പദ്ധതികൾക്കായി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

ഇത്തരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ബഡ്ജറ്റിൽനിന്നുള്ള ധനസഹായം വർദ്ധിപ്പിക്കൽ, പ്രത്യേക ധനസഹായ പാക്കേജുകൾ അനുവദിച്ച് മാനേജ്മെന്റ് സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും സ്ഥാപനങ്ങളുടെ പ്രവർത്തനനിരീക്ഷണ സംവിധാനങ്ങൾ കൂടുതൽ ഏകോപിപ്പിച്ചുകൊണ്ടുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതോടൊപ്പംതന്നെ സർക്കാർ തലത്തിൽ റിയാബ് മുഖേന ഇവയുടെ പ്രവർത്തനം കർശനമായി അവലോകനം നടത്തുകയും ചെയ്യുവരുന്നു.

(സി&ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടത്തിന്റെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി സർക്കാർ ധനസഹായത്തോടെ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണമുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾ നടപ്പാക്കി കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയാണ് ലക്ഷ്യമിടുന്നത്. ഇതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കൂടുതൽ ഉൽപാദനവും വിറ്റുവരവും നേടുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അതാത് സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് കണക്കിലെടുത്ത് ദീർഘകാല കരാറുകൾ നടപ്പിലാക്കി ശമ്പള പരിഷ്കരണമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നു. കൂടാതെ ഓണത്തിന് ഉയർന്ന നിരക്കിലുള്ള ബോണസും ഉൽപ്പാദനത്തെ ബന്ധപ്പെടുത്തി ഇൻസെന്റീവും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly